ബാങ്ക് അക്കൗണ്ടിൽ 44.65 കോടി രൂപയുമുൾപ്പെടെ ഏകദേശം 90 കോടി രൂപയുടെ വരുമാനം ബോർഡിനുണ്ട്. എൻ.ഡി.ഡി.ബി. ഗ്രാന്റിന് പുറമെയാണിത്. കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെട്ടരീതിയിലാണ് മുന്നേറുന്നത്. സാങ്കേതികമായി ബോർഡിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. ബോർഡിന്റെ മൂന്ന് സെമൻ ബാങ്കുകൾക്കും ചരിത്രത്തിലാദ്യമായി കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ ഗ്രേഡിംഗിൽ 'എ' ഗ്രേഡ് ലഭിക്കുകയുണ്ടായി. കൂടാതെ 18 വർഷങ്ങൾക്കു ശേഷം നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് 26.65 കോടി രൂപയുടെ ഗ്രാന്റ് വിവിധ പദ്ധതികൾക്കായി 2013-14-ൽ നൽകി. ഭരണപരമായി കാതലായ പ്രധാന നടപടികളും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന ഉദ്ദേശലക്ഷ്യങ്ങളും ബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്.

5. ലോ ഫ്ലോർ എ.സി. ബസ് സർവ്വീസുകൾ റദ്ദാക്കൽ

ശ്രീ. വർക്കല. കഹാർ: സർ, അന്താരാഷ്ട്ര വിനോദസഞ്ചാര പ്രദേശവും തീർത്ഥാടനപ്രദേശവുമായ വർക്കലയിൽ ദിവസവുമെത്തുന്ന ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും വലിയൊരു സൗകര്യമായിരുന്നു JNNURM എ.സി. ബസ്സുകൾ. ആറ്റിങ്ങലിലും കഴക്കൂട്ടത്തുമുള്ള വിവിധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ടെക്നോപാർക്കിലെ ഉദ്യോഗസ്ഥർക്കും മെഡിക്കൽ കോളേജിലേക്ക് വരുന്ന രോഗികൾക്കും ഈ ബസ്സുകൾ വളരെയധികം ഉപയോഗപ്രദമായിരുന്നു. സാമ്പത്തികമായി ഈ ബസ്സുകൾ നല്ല ലാഭത്തിൽ തന്നെയായിരുന്നു. പ്രത്യേകിച്ച് യാതൊരു കാരണവും കൂടാതെ ഒരു സുപ്രഭാതത്തിൽ ഇതിൽ പകുതി സർവ്വീസുകളും വെട്ടിക്കുറച്ച് കൊല്ലത്തേയ്ക്ക് പുതിയ സർവ്വീസുകൾ നടത്തുകയാണ്. ഈ പുതിയ സർവ്വീസുകൾ സാമ്പത്തികമായി ഒരു ഗുണവും ചെയ്യുന്നില്ല എന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. വർക്കലയിലേക്കുള്ള ഈ ബസ് സർവ്വീസ് നിർത്തിയതറിയാതെ ഒട്ടേറെ ടൂറിസ്റ്റുകൾ കല്ലമ്പലത്ത് ഇറങ്ങി വർക്കലയിലേക്ക് പോകാൻ വേറെ വണ്ടി തിരക്കുന്ന ഗതികേടിലാണ്. സാമ്പത്തികമായി ലാഭത്തിലായിരുന്ന, ഏറെ ആൾക്കാർ ആശ്രയിച്ചിരുന്ന വർക്കലയിലേക്കുള്ള എ.സി. JNNURM ബസ് സർവ്വീസുകൾ അകാരണമായി വെട്ടിക്കുറച്ചത് പ്രതിഷേധാർഹമാണ്. ട്രാൻസ്പോർട്ട് ബസ്സുകൾ നഷ്ടത്തിലോടുന്നു, ഫീസിബളല്ല എന്നുപറഞ്ഞുകൊണ്ട് സർവ്വീസുകൾ നിർത്തുന്നത് മനസ്സിലാകും. വർക്കലയിലോടുന്ന ബസിന് 12,000-രൂപ കളക്ഷൻ നേടിക്കൊണ്ടിരുന്നപ്പോൾ കൊല്ലത്തേയ്ക്ക് മൂന്നു ട്രിപ്പുകളോടിയിട്ടാണ് 15,000 രൂപ കിട്ടുന്നതെന്നുപറയുന്നതുതന്നെ അശാസ്ത്രീയമാണ്. അതെങ്ങനെ മുതലാകും? ട്രാൻസ്പോർട്ട് വകുപ്പിനകത്ത് മന്ത്രിയറിയാതെ, ഗവൺമെന്ററിയാതെ ചില ഉദ്യോഗസ്ഥർ കാണിക്കുന്ന തോന്ന്യാസങ്ങളും വിക്രിയകളും കാരണം അവിടെയുള്ള ജനങ്ങൾ, ടൂറിസ്റ്റുകൾ, രോഗികൾ ഇവരുടെയെല്ലാം സൗകര്യങ്ങൾ നിലച്ചിരിക്കുകയാണ്. അതുകൊണ്ട് ബഹുമാന്യനായ മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ വിളിച്ചിരുത്തി ഇങ്ങനെ ചെയ്തതിന്റെ കാരണം കണ്ടുപിടിക്കുകയും ഈ സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, തിരുവനന്തപുരം-വർക്കല റൂട്ടിൽ JNNURM ലോ ഫ്ളോർ എ.സി. ബസുകളുടെ 14 ട്രിപ്പുകളാണ് സർവ്വീസ് നടത്തിയിരുന്നത്. പ്രസ്തുത ബസ്സുകൾക്ക് മൊത്തം 10,000 രൂപയിൽ താഴെയായിരുന്നു വരുമാനം. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടുഴലുന്ന കോർപ്പറേഷന് നഷ്ടം സഹിച്ച് പ്രസ്തുത സർവ്വീസ് നടത്താൻ ബുദ്ധിമുട്ടായതിനാൽ കളക്ഷൻ കുറഞ്ഞ സർവ്വീസുകളുടെ ട്രിപ്പുകൾ പുനഃക്രമീകരിക്കുകയാണുണ്ടായത്. നിലവിൽ 10 ട്രിപ്പുകൾ പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തുന്നുണ്ട്. 4 ട്രിപ്പുകൾ കല്ലമ്പലത്ത് നിന്ന് എൻ.എച്ച്. വഴി കൊല്ലത്തേയ്ക്കും തിരികെയും ഓടിവരികയാണ്. ഇതുമൂലം ശരാശരി വരുമാനം 16,000 രൂപയിൽ അധികമായിട്ടുണ്ട്. വകുപ്പിൽ നിന്നും ലഭിച്ച മറുപടിയാണിത്. രാവിലെ ഇക്കാര്യം ബന്ധപ്പെട്ട സി.എം.ഡി. യുമായി സംസാരിച്ചു. സി.എം.ഡി.- ഇന്റർവ്യൂവിന്റെ എഗ്രിമെന്റുമായി ബന്ധപ്പെട്ട് ഇന്ന് ബാംഗ്ലൂരിലാണ്. മടങ്ങി വന്നാലുടൻ തന്നെ ഇക്കാര്യം ചർച്ച ചെയ്യും, അങ്ങയുമായും ചർച്ച ചെയ്യും. വരുമാന വർദ്ധനവുള്ള റൂട്ടുകൾ കട്ട് ചെയ്യാൻ കെ.എസ്.ആർ.ടി.സി.-ക്ക് സാധിക്കില്ല. അങ്ങ് പറഞ്ഞ ആർഗ്യുമെന്റിനകത്തു നിന്നും ഞാൻ അതാണ് മനസ്സിലാക്കുന്നത്. വരുമാനത്തിന്റെ വർദ്ധനവുണ്ട്, എന്നിട്ടും അകാരണമായി റദ്ദുചെയ്തുവെങ്കിൽ അക്കാര്യം നിശ്ചയമായും പരിശോധിക്കും. മാത്രമല്ല, വരുമാന വർദ്ധനവില്ലാതെ പിടിച്ചുനിൽക്കാൻ നിവൃത്തിയില്ല. അങ്ങനെ വരുമ്പോൾ പുനഃക്രമീകരണം ഏത് രൂപത്തിലാകണമെന്നുള്ളത് എം.ഡി. മടങ്ങിവന്നതിനുശേഷം കൂടിയാലോചിച്ച് അങ്ങയെ അറിയിക്കുന്നതാണ്.

6. ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കോറിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, കേരളത്തിലെ പതിനാറ് ലക്ഷത്തോളം വരുന്ന ക്ഷീരകർഷകർ നിരവധി സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ നേരിടുകയാണ്. കാലിത്തീറ്റ വിലയിൽ നിലവിലുള്ള സബ്സിഡിയിൽ കുറവ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഉൽപ്പാദന ചെലവുമായി ബന്ധപ്പെടുത്തി കണക്കാക്കുമ്പോൾ ക്ഷീരകർഷകന് പുരുങ്ങിയത് 40 രൂപയെങ്കിലും ലിറ്ററിന് ലഭിക്കാതെ ക്ഷീരകൃഷിയുമായി മുന്നോട്ട് പോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. നിലവിൽ കർഷകന് 20 രൂപ മുതൽ 22 രൂപ വരെയാണ് ലഭിക്കുന്നത്. മിൽമ പാലിന്റെ വിറ്റവില കൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. പാൽ വില വർദ്ധനവിന്റെ യാതൊരു ഗുണവും കർഷകന് ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കാലിത്തീറ്റയുടെ വിറ്റവില അടിക്കടി വർദ്ധിക്കുന്നതുമൂലം മിൽമ ക്ഷീരകർഷകരുടെ നട്ടെല്ല് ഒടിക്കുകയാണ്. മിൽമയ്ക്ക് സ്വന്തമായി രണ്ട് കാലിത്തീറ്റ ഫാക്ടറികളുണ്ടെങ്കിലും 40 ശതമാനത്തോളം കാലിത്തീറ്റ തമിഴ്നാട്ടിലെ സ്വകാര്യ കച്ചവടക്കാരിൽ നിന്ന് ശേഖരിച്ച് സ്വന്തം ലേബൽ ഒട്ടിച്ച് മിൽമ കർഷകരെ വഞ്ചിക്കുകയാണ്. സംസ്ഥാനത്തെ 14 ലക്ഷം ക്ഷീരകർഷകർ പ്രതിദിനം 24 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതിൽ 8 ലക്ഷം ലിറ്റർ പാൽ മിൽമ